LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം-ചെന്നൈ മെയിൽ സൂപ്പർ ഫാസ്റ്റ് ആക്കിയത് റദ്ദ് ചെയ്യൻ നടപടി

131 [2258] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുനിന്ന് എറണാകുളം വഴി ചെന്നൈക്ക് പോകുന്ന തിരുവനന്തപുരം-ചെന്നൈ മെയിൽ സൂപ്പർഫാസ്റ്റ് ആക്കിയതിന്റെ ഉദ്ദേശമെന്തായിരുന്നു എന്ന് അന്വഷിച്ചിട്ടുണ്ടോ;

(ബി) സൂപ്പർ ഫാസ്റ്റ് ആക്കിയതിനുശേഷവും യാത്രാസമയത്തിനോ സൗകര്യത്തിലോ യാതൊരു മാറ്റവും അനുഭവപ്പെടുന്നില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സൂപ്പർഫാസ്റ്റ് ട്രെയിൻ ആക്കിയതുകൊണ്ട് സ്ഥിരം യാത്രക്കാർക്ക് ഭാരിച്ച സാമ്പത്തിക ബാദ്ധ്യത വരുന്നതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ട്രെയിനിന്റെ സൂപ്പർ ഫാസ്റ്റ് പദവി റദ്ദാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം-ചെന്നൈ മെയിൽ സൂപ്പർ ഫാസ്റ്റ് ആക്കിയത് റെയിൽവേ ബോർഡിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള ഒരു നയപരമായ തീരുമാനമായിരുന്നു.

(ബി) കേരളത്തിൽ നിന്നും ചെന്നൈയിലേയ്ക്ക് റോഡുമാർഗ്ഗമുള്ള യാത്രാ സൗകര്യം വർദ്ധിച്ചതുവഴിയുണ്ടായ മത്സരം കാരണം തിരുവനന്തപുരത്തുനിന്നും ചെന്നൈയ്ക്ക് ഒരു വേഗത കൂടിയ ട്രെയിൻ ഓടിക്കാൻ റെയിൽവേ നിർബന്ധിതമാകയാണുണ്ടായത്. സൂപ്പർ ഫാസ്റ്റ് ട്രെയിൻ ആക്കുക വഴി തിരുവനന്തപുരം-ചെന്നൈ യാത്രാസമയം 55 മിനിറ്റ് കണ്ട് കുറയ്ക്കുവാൻ കഴിഞ്ഞുവെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

(സി) യാത്രക്കാർക്ക് ഇതുമൂലം കൂടുതൽ ചാർജ്ജ് നൽകേണ്ടി വരുന്നുണ്ട്.

(ഡി) തിരുവനന്തപുരം-ചെന്നൈ റൂട്ടിൽ തിരുവനന്തപുരം-ചെന്നൈ-എഗ്മൂർ അനന്തപുരി എക്സ്പ്രസ്സ് എന്ന ട്രെയിൻകൂടി ഓടുന്നുണ്ട്. ആയതിനാൽ തിരുവനന്തപുരം-ചെന്നൈ മെയിൽ ട്രെയിനിന്റെ സൂപ്പർ ഫാസ്റ്റ് പദവി റദ്ദാക്കുവാൻ ആവശ്യപ്പെടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

132 [2259] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ:

(ബി) കോർപ്പറേഷന് കീഴിൽ നടത്തി വരുന്ന ജലഗതാഗത സർവ്വീസുകളെക്കുറിച്ച് വിശദമാക്കാമോ;